"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസം - അക്കാദമികം - സ്കൂൾ ഓഫ് നേഴ്സിംഗ്, തൃശ്ശൂർ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ എന്ന സ്ഥാപനത്തിൽ ജനറൽ നഴ്സിംഗ് & മിഡ്‌വൈഫറി കോഴ്സ് സീറ്റ് വർദ്ധനവിനായി നിരാക്ഷേപ പത്രം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(കൈ) നം.195/2024/H&FWD തീയതി,തിരുവനന്തപുരം, 16-08-2024

---

പരാമർശം:-

1. സ.ഉ (അ) നം. 64/2012/ആ.കു.വ തീയതി 17.02.2012.
2. 30.05.2023 തീയതിയിലെ ത്രിശ്ശൂർ ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ പ്രിൻസിപ്പലിന്റെ അപേക്ഷ.
3. കേരള നഴ്സസ് & മിഡ്‌വൈവ്സ് കൗൺസിൽ രജിസ്ട്രാറുടെ 24.07.2023 തീയതിയിലെ ജി.4742/04/എൻ.സി നമ്പർ കത്തിനോടൊപ്പം ലഭ്യമായ പരിശോധന റിപ്പോർട്ട്.
4. കേരള നഴ്സസ് & മിഡ്‌വൈവ്സ് കൗൺസിൽ രജിസ്ട്രാറുടെ 18.11.2023 തീയതിയിലെ ജി.4742/04/എൻ.സി നമ്പർ കത്തിനോടൊപ്പം ലഭ്യമായ പുനഃപരിശോധന റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

തൃശ്ശൂർ ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റലിന് അനുബന്ധമായി പ്രവർത്തിക്കുന്ന നേഴ്സിംഗ് സ്കൂളിലെ സീറ്റുകളുടെ എണ്ണം 25 - ൽ നിന്നും 30 ആയി ഉയർത്തുന്നതിന് നിരാക്ഷേപ പത്രം ആവശ്യപ്പെട്ട് തൃശ്ശൂർ ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ പ്രിൻസിപ്പൽ അപേക്ഷ സമർപ്പിച്ചിരുന്നു. കേരള നഴ്സസ് & മിഡ്‌വൈവ്സ് കൗൺസിൽ രജിസ്ട്രാർ പരാമർശം (4) പ്രകാരം സമർപ്പിച്ച പുനഃപരിശോധന റിപ്പോർട്ടിൽ സീറ്റ് വർദ്ധനവിനാവശ്യമായ ഭൗതിക സൗകര്യങ്ങൾ പര്യാപ്തമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റലിന് അനുബന്ധമായി പ്രവർത്തിക്കുന്ന നേഴ്സിംഗ് സ്കൂളിലെ സീറ്റുകളുടെ എണ്ണം 25 - ൽ നിന്നും 30 ആയി ഉയർത്തുന്നതിന് ചുവടെ ചേർക്കുന്ന നിബന്ധനകളോടെ നിരാക്ഷേപ സാക്ഷ്യപത്രം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. Indian Nursing Council-ന്റെ റഗുലേഷൻ പ്രകാരം രണ്ടു വർഷത്തിനകം സ്കൂളിനായി സ്വന്തം കെട്ടിടം നിർമ്മിച്ചിരിക്കണം.

ii. ജി.എൻ.എം. കരിക്കുലം, നേഴ്സിംഗ് സ്കൂളിന് ഉണ്ടായിരിക്കേണ്ട നിലവാരം എന്നിവ

സംബന്ധിച്ച് കാലാകാലങ്ങളിൽ ഇന്ത്യൻ നേഴ്സിംഗ് കൗൺസിൽ പുറപ്പെടുവിക്കുന്ന നിബന്ധനകൾ നിർബന്ധമായും പാലിക്കാൻ സ്ഥാപനം ബാധ്യസ്ഥമാണ്.

iii. പരാമർശം (1) ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ള എല്ലാ നിബന്ധനകളും, നേഴ്സിംഗ് സ്കൂളുകളുടെ അംഗീകാരം സംബന്ധിച്ച് കാലാകാലങ്ങളിൽ സർക്കാർ/സംസ്ഥാന നേഴ്സിംഗ് കൗൺസിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ/ഉത്തരവുകൾ/റഗുലേഷനുകൾ സ്ഥാപനം കൃത്യമായും പാലിക്കേണ്ടതാണ്.

iv. പരാമർശം (1) സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരം കേരള സംസ്ഥാന നേഴ്സിംഗ് കൗൺസിൽ അംഗീകാരം, ഇന്ത്യൻ നേഴ്സിംഗ് കൗൺസിൽ അനുയോജ്യത പത്രം (Indian Nursing Council Suitability Certificate) എന്നിവ നേടിയതിന് ശേഷം മാത്രം വർദ്ധിപ്പിച്ച സീറ്റുകളിലേയ്ക്ക് വിദ്യാർത്ഥി പ്രവേശനം നടത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

രജിസ്ട്രാർ, കേരള നഴ്സസ് & മിഡ്‌വൈവ്സ് കൗൺസിൽ, തിരുവനന്തപുരം.
പ്രിൻസിപ്പൽ, സ്കൂൾ ഓഫ് നേഴ്സിംഗ്, ത്രിച്ചൂർ ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ, തൃശ്ശൂർ.
സെക്രട്ടറി, ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ, 8-ാം നില, എൻ.ബി.സി.സി സെന്റർ, പ്ലോട്ട് നം.2, കമ്മ്യൂണിറ്റി സെന്റർ, ഓഖ്ല ഫേസ്-1, ന്യൂഡൽഹി- 110020.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
Date: 16-08-2024 13:05:12
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.